# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.197 8/12/2015-ൽ മറുപടിക്ക്

## ചുരുങ്ങിയ ചെലവിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ<br>,, വി.എസ്. സുനിൽകുമാർ<br>,, കെ.രാജു<br>,,ഇ.കെ.വിജയൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന തിനു ശേഷം ചുരുങ്ങിയ ചെലവിൽ വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന എത്ര ചെറുകിട ജല വൈദ്യുത പദ്ധതികൾ ടെണ്ടർ ചെയ്തു; എത്രയെണ്ണം പൂർത്തി യാക്കി;

(എ)

| | | |
|---|---|---|
| 1 | ഭൂതത്താൻകെട്ട് | (24 മെഗാവാട്ട്) |
| 2 | അപ്പർ കല്ലാർ | (2 മെഗാവാട്ട്) |
| 3 | കക്കയം (ബാലൻസ് വർക്കുകൾ) | (3 മെഗാവാട്ട്) |

എന്നീ പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല.

(ബി) പുതിയ ജല വൈദ്യുത പദ്ധതികൾ ഏറ്റെടുക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്ത മാക്കുമോ?

(ബി) ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പോളിസി 2012-ൽ പുതുക്കുകയും മൽസര ദർഘാ സിന്റെ അടിസ്ഥാനത്തിൽ 23 ചെറുകിട ജലവൈദ്യുത പദ്ധതികൾ BOOT അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയിലൂടെ നടപ്പി ലാക്കുന്നതിന് അനുവദിച്ചു നൽകിയിട്ടുമുണ്ട്. അനു മതി ലഭിച്ച് 30 വർഷത്തിനുശേഷം സർക്കാരിലേയ്ക്ക് സൗജന്യമായി നൽകണമെന്നാണ് വ്യവസ്ഥ.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 78 മെഗാവാട്ട് സ്ഥാപിത ശേഷി

വരുന്ന 9 പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കി വൈദ്യുതി ബോർഡ് ഭരണാനുമതി നൽകി യിട്ടുണ്ട്. കൂടാതെ 60 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള വൈത്തിരി ജലവൈദ്യുത പദ്ധതി യുടെ ഡി.പി.ആർ തയ്യാറാക്കി വൈദ്യുത ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ആകെ 81 മെഗാവാട്ട് സ്ഥാപിത ശേഷി വരുന്ന 8 ചെറുകിട ജലവൈദ്യുത പദ്ധതി കൾക്ക് സർക്കാർ ഭരണാനുമതി നൽകി. നിലവിൽ 111.5 മെഗാവാട്ട് സ്ഥാപിത ശേഷി വരുന്ന 13 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ 40 മെഗാ വാട്ട് സ്ഥാപിത ശേഷിയുള്ള മാങ്കുളം പദ്ധതി യുടെ ഭൂമി ഏറ്റെടുക്കൽ നടപടികളും നടന്നു വരുന്നു. സ്ഥലമെടുപ്പ് പൂർത്തിയായ ഭൂതത്താൻകെട്ട് (24 മെഗാവാട്ട്), അപ്പർ കല്ലാർ എന്നീ പദ്ധതികൾ ടെണ്ടർ ചെയ്തു. ഇതിൽ ഭൂതത്താൻകെട്ട് പദ്ധതിയുടെ നിർമ്മാണം പുരോഗമിക്കുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കി പദ്ധതികളുടെ ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്. ആകെ 178.9 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 25 പുതിയ ജലവൈദ്യുത പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികളും പുരോഗമിച്ചു വരുന്നു.

കൂടാതെ എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ (MNRE) ധന സഹായത്തിൽ 64 പീക്കോ ജലവൈദ്യുത പദ്ധതികൾ സ്ഥാപിച്ച് 5 ജില്ലകളിലായി സമയ ബന്ധിതമായി കമ്മീഷൻ ചെയ്തു കഴിഞ്ഞു.

**സെക്ഷൻ ഓഫീസർ**